# OUR OWN INDIAN SCHOOL DUBAI

FIRST SUMMATIVE ASSESSMENT , OCTOBER- 2012

MALAYALAM

Std : 9 Time : 3 Hours
Date :22-10-2012 Maximum : 90 Marks

---

എ വിഭാഗം

(A) താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടേയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക ( 2× 5 =10)

I.

ഇന്ത്യയിൽ കൃഷ്ണകഥയ്ക്കുണ്ടായ പ്രചാരത്തിനുള്ള പ്രധാന കാരണം അതു പലതരത്തിലുള്ള മനുഷ്യരുടെ ജീവിതത്തെയും അനുഭവത്തെയും കാവ്യാത്മകമായി അവതരിപ്പിപ്പാൻ പഴുതു നൽകുന്നുണ്ടെന്നുള്ളതാണ്. അതിലെ നായകൻ ജീവിതത്തിൻെറ രണ്ടററവും കണ്ടയാളാണ്; ചിന്തയും അനുഭവജ്ഞാനവും ഒരുപോലെയുള്ള വ്യക്തിയാണ്. കൃഷ്ണൻ ചരിത്ര പുരുഷനായാലും അല്ലെങ്കിലും ഇന്ത്യൻ കവിഭാവന അദ്ദേഹത്തെ താണവരിൽ താണവനും ഉയർന്നവരിൽ ഉയർന്നവനുമാക്കിയിരിക്കുന്നു. തങ്ങളുടെ ഏതാദർശത്തിനും ഭാവനാ പ്രവർത്തനത്തിനും താങ്ങായി നിൽക്കാൻ കൃഷ്ണകഥക്കു കഴിയുമെന്ന് ഇന്ത്യൻ കവികൾ മനസ്സിലാക്കിയിട്ടുണ്ട്. മനുഷ്യനായും ദേവനായും അവതരിപ്പിക്കാൻ പററിയ ഉത്തമ കഥാപാത്രമാണ് കൃഷ്ണൻേറത്. കവികളുടെ ഭാവനയനുസരിച്ച് നായകൻെറ കഥയുടെ ഏതു ഭാഗവും പുഷ്ടിപ്പെടുത്താം. ചെറുശ്ശേരി ഈ വിഷയത്തിൽ അത്ഭുതാവഹമായ സാമർഥ്യം പ്രദർശിപ്പിച്ചിരിക്കുന്നു.

കൃഷ്ണഗാഥയുടെ മഹത്വത്തിനു പല കാരണങ്ങളും ചൂണ്ടിക്കാണിക്കാറുള്ളതിൽ, വിട്ടുകളയാൻ ഒരിക്കലും നിവൃത്തിയില്ലാത്ത ഘടകം അതിൽ പ്രതിഫലിച്ച മനുഷ്യജീവിതത്തിൻെറ വൈവിധ്യമാണ്. കൃഷ്ണൻെറ ബാലലീലയും മററും മനോഹരങ്ങളാണെങ്കിലും കവിയുടെ സാമർഥ്യം തികച്ചും പ്രത്യക്ഷപ്പെടുന്നത് അഗാധവും സൂക്ഷ്മവുമായ ഹൃദയ ചലനങ്ങൾ ചിത്രീകരിക്കുന്നതിലും സ്നേഹത്തിൻെറ ചില മൗലികാംശങ്ങൾ പ്രകാശിപ്പിക്കുന്നതിലുമാണ്. രുഗ്മിണീ സ്വയംവരത്തിൽ കാണുംവിധം തത്തയെ മുൻനിർത്തി നായികയെ കളിയാക്കുന്നതുപോലുള്ള രംഗങ്ങൾ സൃഷ്ടിപ്പാൻ ചെറുശ്ശേരിക്കേ സാധിക്കുകയുള്ളൂ

1) ഇന്ത്യയിൽ കൃഷ്ണകഥയ്ക്കുണ്ടായ പ്രചാരത്തിനുള്ള പ്രധാന കാരണം എന്ത്? (2)

2) കൃഷ്ണകഥയിലെ നായകനെ ഉത്തമ കഥാപാത്രമായി വിശേഷിപ്പിക്കുന്നത്

എന്തുകൊണ്ട്? (2)

3) കൃഷ്ണഗാഥയുടെ മഹത്വത്തിനുള്ള പ്രധാന കാരണമെന്ത്? (2)

4) കവിയെന്നനിലയിൽ ചെറുശ്ശേരിയുടെ സാമർഥ്യം പ്രത്യക്ഷപ്പെടുന്നതെവിടെ? (2)

5) രണ്ടററവും എന്നവാക്ക് പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക (2)

## ബി വിഭാഗം

6 നിങ്ങളുടെ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തു പ്രസിഡൻറിന് ഒരു കത്തു തയ്യാറാക്കുക (7)

7. ആശയം വിപുലീകരിച്ച് ഒരു ഖണ്ഡിക എഴുതുക: (7)

അവനവനാത്മ സുഖത്തിനാചരിക്കുന്നവ-
യപരന്നു സുഖത്തിനായ് വരേണം

8. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക: (7)

1. പ്ലാസ്ററിക് നിർമ്മാർജനവും പ്രകൃതി സംരക്ഷണവും
2. കാർഷികരംഗത്തെ തകർച്ച
3. വിദ്യാഭ്യാസ രംഗത്ത് വാർത്താ മാധ്യമങ്ങൾക്കുള്ള പങ്ക്

## സി വിഭാഗം

9. അന്വാഖ്യാന സംഭാഷണമാക്കി മാററുക: (2)

അമ്മാളു: ഞാനേയ്, കുറച്ചീസായി പറേണംന്ന് വിചാരിച്ചിട്ട്,
ആലൂര്ന്ന് വന്ന ആലൊചനയുടെ കാര്യം.

കുറുപ്പ്: (ഗൗരവത്തിൽ) ഇനി അത് വിസ്തരിച്ചിട്ടെന്താ കാര്യം?
എൻെറകൂടെ കഴിയാനായിരുന്നു തലേലെഴുത്ത്
തീർന്നില്ലേ?

10. വാക്യത്തിലെ തെററുതിരുത്തുക: (2)

1. രാമൻകുട്ടി നായർ എഴുന്നേററപ്പോൾ മററ് ഇതര യോഗാംഗങ്ങൾ അദ്ദേഹത്തോട് എഴുന്നേൽക്കേണ്ടതില്ലെന്ന് ഓർമ്മപ്പെടുത്തി.
2. ഓരോ ആഴ്ച തോറും അയാൾ സ്വന്തം വീട്ടിലെത്തും

.

11. പ്രയോഗം മാററുക (2)

1. രാമൻകുട്ടി നായർ യോഗത്തിൻെറ ഉദ്ഘാടനം നിർവഹിച്ചു
2. മരുമകൾ അച്യുതൻമാഷെ കളിയാക്കി.

12 സന്ധി നിർണ്ണയിക്കുക (2)

1. നീരസക്കറ
2. ഒരില

13 സമാസം നിർണ്ണയിക്കുക (2)

1. ദാർശനിക പ്രശ്നം
2. യോഗാംഗങ്ങൾ

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 5 X 1

14 ദീർഘ സന്ധിക്ക് ഉദാഹരണമേത്

(a) സ്നേഹാനുകമ്പ

(b) അത്യാവശ്യം

(c) എത്തിപ്പിടിക്കാൻ

(d) നേരിടുമെമ്മട്ട്

15 ച്യുതി എന്നവാക്കിൻെറ അർഥമെന്ത്?

(a). വീട്

(b) നാശം

(c). മനോഹരം

(d) വിറയൽ

16 ആസക്തി എന്ന വാക്കിൻെറ വിപരീതപദമെന്ത്?

(a). അത്യാഗ്രഹം

(b). സക്തി

(c). വിരക്തി

(d) നിസക്തി

17. ഹർമ്യം എന്ന വാക്കിൻെറ സമാന പദമല്ലാത്ത വാക്കേത്?

(a). ആലയം

(b). മേട

(c). വീട്

(d) ഭൂമി

18. മൺകോലം എന്ന പദം വിഗ്രഹിക്കുക

(a). മണ്ണും കോലവും

(b). മണ്ണാകുന്ന കോലം

(c). മണ്ണാൽ നിർമ്മിച്ച കോലം

(d) മണ്ണിൻെറ കോലം

ഡി വിഭാഗം

19. ഉത്തരമെഴുതുക 8 X 3

(a) താൻ വിശ്വസിച്ചതിൽ നിന്നു വ്യത്യസ്തമായ എന്തു സത്യമാണ് സഹപാഠികൾ എന്ന കവിതയിലെ കുട്ടി മനസ്സിലാക്കിയത്

(b) വഞ്ചി മുങ്ങിയില്ല വാര്യരെ – അച്യുതൻമാഷിൻെറ വാക്കു കളുടെ പൊരുളെന്ത്?

(c) ടെലിവിഷൻ കുടുംബ ബന്ധങ്ങളെ തകർക്കുന്ന ആസുരയന്ത്രമാണ് എന്തുകൊണ്ട്?

(d) പ്രദ്യോതിച്ചതു ഹാർദ്ദ സ്വാഗതത്തെളിവല്ല– ജാമാതാവ് ഭാര്യാപിതാവിനെ സ്വാഗതം ചെയ്യാതിരുന്നതെന്തുകൊണ്ട്?

(e) വിവരപ്രവാഹത്തിൻെറ അതിർ വരമ്പുകൾ അപ്രത്യക്ഷമാകുകയും ലോകം ആഗോള ഗ്രാമമായി ചുരുങ്ങുകയും ചെയ്തു– വിശദമാക്കുക

(f) എഴുപതു കാരുടെ യോഗത്തിൻെറ തുടക്കമെന്ന നിലയിൽ രാമൻകുട്ടി നായർ പറഞ്ഞതെന്ത്? ഇരുന്നുകൊണ്ടു സംസാരിച്ചാൽ മതി എന്നതിൻെറ പൊരുളെന്ത്?

(g) വഴിതെററുന്നു വയസ്സാകുമ്പോൾ– വൃദ്ധൻെറ വാക്കുകളുടെ അർഥ തലങ്ങൾ പരിശോധിക്കുക

(h) ' മനുഷ്യാവസ്ഥയെപ്പററി നമുക്കൊന്നും പറയാൻ പററില്ല. കുറുപ്പിൻെറ ഈ അഭിപ്രായം അദ്ദേഹത്തിൻെറ ജീവിതവുമായി എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു?

20. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

(a) എഴുപതു കാരുടെയോഗത്തിൻെറ പ്രസിഡൻറ് ആര്? (1)
(രാമൻകുട്ടി നായർ, അച്യുതൻമാഷ്, ശങ്കരൻ കുട്ടി )

(b) അമേരിക്കയിലെ മാധ്യമ താത്വികനാര്? (1)
(മാർഷൽ മക്ലൂഹൻ, ജെറി മാൻഡർ, സാം പീററർ)

(c) കാർനിഴൽ നീന്തീടുന്ന കൺകളാലവൾ പിന്നെ (1)
ക്കാൽനടക്കാരൻ നിൽക്കും പൂഴിയിൽ പൂത്തൂകിനാൾ – ആര്?
(കുട്ടി , അമ്മ , മകൾ)

(d) മാധ്യമ ഗുരു ആര്? (1)
(മാർഷൽ മക്ലൂഹൻ, ജെറി മാൻഡർ, കെ രാമകൃഷ്ണപിള്ള)

(e) അങ്ങേവീട്ടിലേക്ക്' എന്നകവിത രചിച്ചതാര്? (1)
(ഇടശ്ശേരി , ഉള്ളൂർ , ബാലാമണിയമ്മ )

(f) 'എൽബയിൽ തടവുകാരനായിരുന്നതാര്? (1)
(നെപ്പോളിയൻ, കാൾ മാക്സ്,ജെറി മാൻഡർ )

(g ) ശ്വശുരനെ കണ്ടപ്പോൾ ജാമാതാവിനുണ്ടായ ഭാവം ഏത്? (1)
(സന്തോഷം, നീരസം, സംഭ്രമം )

(h ) ഓണപ്പെരുമാളെ ചൂടിച്ച പൊൻ കിരീടമെന്ത്? (1)
(വിളക്ക്, താമരപ്പൂവ്, ആദിത്യൻ)

21. ഏതെങ്കിലും **രണ്ടു** വിഷയങ്ങളെക്കുറിച്ച് ലഘു ഉപന്യാസം രചിക്കുക 2 X 6

(a) ബാല്യ കാലത്തു തന്നെ നരേന്ദ്രനിൽ ഒരു സിദ്ധൻെറ ലക്ഷണം കണ്ടിരുന്നു – വിശദമാക്കുക

(b) നരേന്ദ്രൻെറ സർവ്വകലാശാല വിദ്യാഭ്യാസ കാലത്തെക്കുറിച്ച് ലഘു ഉപന്യാസം തയ്യാറാക്കുക

(c) നരേന്ദ്രൻ ശ്രീരാമ കൃഷ്ണ പരമഹംസരെ പരിചയപ്പെട്ടതെങ്ങനെ?

BLUE PRINT MALAYALAM GRADE 9

First Summative Examination October 2012

| section | Type of question | knowledge | understa | Appli | evalu | total |
|---|---|---|---|---|---|---|
| A | Comprehension | | 5x2=10 | | | 10 |
| B | Paragraph | | | 1x7=7 | | |
| | Letter | | | 1x7=7 | | 21 |
| | Essay | | | 1x7=7 | | |
| C | Transformation of sentences | | | | 3x2=6 | |
| | Correction of sentences | | 2x2=4 | | | 15 |
| | Vocabulary building | | | | | |
| | M.C.Q | | | | 5x1=5 | |
| D | Textbook based short answer questions | | | | | |
| | From prose | 3x3=9 | 1x3=3 | | | 12 |
| | From poem | 2x3=6 | 1x3=3 | 1x3=3 | | 12 |
| | MCQ from prose and poetry | 2x1=2 | 2x1=2 | 4x1=4 | | 8 |
| | Non detailed book | | | | | |
| | Short essays | | | 2x6=12 | | 12 |
| | | | | | | Total-90 |